പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2234 08.12.2015-ൽ മറുപടിയ്ക്ക്

# ഊർജ്ജ രംഗത്ത് ലഭിച്ച പുരസ്ക്കാരങ്ങൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. സി. പി. മുഹമ്മദ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജ രംഗത്ത് പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ ; | ഉണ്ട്. ദേശീയ, സംസ്ഥാന തലങ്ങളിൽ ഊർജ്ജ രംഗത്ത് പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത രംഗത്ത് ലഭിച്ച അംഗീകാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 2013-14-ൽ നടത്തിയിട്ടുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഏർപ്പെടുത്തിയ ബെസ്റ്റ് ഡിസ്കോം വിഭാഗത്തിലുള്ള അവാർഡും, എനർജി മാനേജ്മെന്റ് സെന്റർ ഏർപ്പെടുത്തിയ സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡും കെ. എസ്. ഇ. ബി. ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്.<br>കേന്ദ്ര ഊർജ്ജ മന്ത്രാലയം ഏർപ്പെടുത്തിയ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡിൽ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി വിഭാഗത്തിൽ 2012, 2013-എന്നീ വർഷങ്ങളിൽ രണ്ടാം സ്ഥാനവും, 2014-ൽ ഒന്നാം സ്ഥാനവും എനർജി മാനേജ്മെന്റ് സെന്ററിന് ലഭിച്ചിട്ടുണ്ട്.<br>2014-ൽ കൗൺസിൽ ഓഫ് പവർ യൂട്ടിലിറ്റീസ് ഏർപ്പെടുത്തിയ ഇന്ത്യ പവർ അവാർഡും 2015-ൽ പീക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി സമയബന്ധിതമായി ലക്ഷ്യം കൈവരിച്ചതിന് കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയം ഏർപ്പെടുത്തിയ അവാർഡും എനർജി മാനേജ്മെന്റ് സെന്ററിന് ലഭിച്ചു. |
| (സി) ഇവ ലഭിക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 1.95 കോടി രൂപ സർക്കാർ 2014-15 സാമ്പത്തിക വർഷത്തിൽ കെ. എസ്. ഇ. ബിയ്ക്ക് അനുവദിച്ചതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**ഭരണതലത്തിൽ എടുത്ത നടപടികൾ:-**

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എസ്കോട്ട് എന്ന പ്രത്യേക വിഭാഗം രൂപീകരിച്ചു.

**ഡിമാൻറ് സൈഡ് മാനേജ്മെൻറ് സെല്ലുകൾ:-**

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ 211 ഇലക്ട്രിക്കൽ സബ്ഡിവിഷനുകൾ കേന്ദ്രീകരിച്ച് ഉപഭോക്താക്കൾക്കിടയിലും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കിടയിലും റസിഡൻഷ്യൽ അസോസിയേഷൻ മുഖേനയും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുപയോഗിക്കുന്നത് സംബന്ധിച്ചും ഉള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

**വൈദ്യുതി സ്വയം പര്യാപ്തത:-**

മലപ്പുറം ജില്ലയിലെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കിടയിലും ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ച് നടത്തിവരുന്നു.

എനർജി മാനേജ്മെന്റ് സെന്ററിന്റെ വാർഷിക പദ്ധതികളിൽ ഊർജ്ജ സംരക്ഷണ രംഗത്ത് വൈവിദ്ധ്യങ്ങളായ പരിപാടികൾ നടപ്പിലാക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കുകയും, ഭരണാനുമതി ലഭ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുന്നു. ഓരോ മേഖലകൾക്കും അനുയോജ്യമായ പദ്ധതികളാണ് നടപ്പിൽ വരുത്തുന്നത്. ഇതിന് സഹായകമായ സർക്കാർ ഉത്തരവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പുറപ്പെടുവിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

2. എസ്റ്റോട്ട്.

ച.ഭ.ഖ.ന. 9936

[signature]

## പൂർത്തീകരിച്ച പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | പദ്ധതി വിവരണം | പദ്ധതി പൂർത്തീകരിച്ച വിവരങ്ങൾ |
|---|---|---|---|
| 1 | എച്ച്.വി.ഡി.എസ് പൈലറ്റ് പദ്ധതി<br>അനുവദിച്ച തുക – 30 ലക്ഷം | 11 കെ.വി നിലവാരത്തിലുള്ള വൈദ്യുതി വിതരണം – പേയാട് നെടുമങ്ങാട് ഡിവിഷനു കീഴിൽ | കുറഞ്ഞ വോൾട്ടേജിലുള്ള വൈദ്യുത വിതരണത്തിലുള്ള ഊർജ്ജ നഷ്ടം, അപകടങ്ങൾ, വൈദ്യുത തടസ്സം, പരിപാലന ചെലവ് എന്നിവയിലെ കുറവ്<br>ഇതുവരെ ചിലവായ തുക – 29,67,812/- |
| 2 | സർക്കാർ ആശുപത്രികളിലെ ലൈറ്റുകൾ, ഫാനുകൾ എന്നിവ ഊർജ്ജക്ഷമമാക്കുന്ന പദ്ധതി<br>അനുവദിച്ച തുക – 15 ലക്ഷം | അടൂർ, പുനലൂർ, നിലമ്പൂർ, തിരൂർ, പാലക്കാട് എന്നിവിടങ്ങളിലെ ലൈറ്റുകൾ എൽ.ഇ.ഡി ലേയ്ക്കും മാറ്റുകയും ഊർജ്ജക്ഷമത കൂടിയ ഫാനുകൾ എന്നിവ സ്ഥാപിക്കുന്ന പദ്ധതി | 0.15 എം.യു കണക്കിലുള്ള വൈദ്യുതലാഭം പ്രതിവർഷം പ്രതീക്ഷിക്കുന്നു. പദ്ധതി മുഴുവനായും നവംബർ 2015 ൽ പൂർത്തീകരിക്കാവുന്നതാണ്.<br>ഇതുവരെ ചിലവായ തുക – 14,37,200/- |
| 3 | വിതരണ ട്രാൻസ്ഫോർമറുകളുടെ നവീകരണം<br>അനുവദിച്ച തുക – 90 ലക്ഷം | കേരളത്തിലാകമാനമുള്ള 140 വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ നവീകരിച്ചു. | ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ പാഴായി പോകുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കാനായി.<br>ഇതുവരെ ചിലവായ തുക – 90 ലക്ഷം |
| 4 | പെട്ടി-പറ പമ്പിംഗ് സമ്പ്രദായത്തിന്റെ നവീകരണം<br>അനുവദിച്ച തുക – 30 ലക്ഷം | ചങ്ങനാശ്ശേരി, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം എന്നിവിടങ്ങളിലെ തിരഞ്ഞെടുത്ത 10 പാടശേഖരങ്ങളിലെ നിലവിലുള്ള പെട്ടി-പറ പമ്പുകൾ മാറ്റി സബ്മേഴ്സിബിൾ പമ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതി | പദ്ധതി പൂർത്തീകരിച്ചു<br>ഇതുവരെ ചിലവായ തുക – 27,97,509/- |
| 5 | എനർജി ഓഡിറ്റിംഗിന് വേണ്ട ഉപകരണങ്ങൾ വാങ്ങുക<br>അനുവദിച്ച തുക – 30 ലക്ഷം | പവർ ക്വാളിറ്റി അനലൈസർ ലക്സ് മീറ്റർ അനിമോ മീറ്റർ, തെർമൽ ഇമേജറുകൾ എന്നിവ | പദ്ധതി പൂർത്തിയായി<br>ഇതുവരെ ചിലവായ തുക – 27.5 ലക്ഷം |



[signature]

സെക്ഷൻ ഓഫീസർ